ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. DTETVM/7370/2026-L5 (PLA) തീയതി: 25-09-2026

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം - 2023-24 അദ്ധ്യയന വർഷം മുതൽ 2026-27 വരെയുള്ള നോൺ ഗേറ്റ് സ്കോളർഷിപ്പ് - ഭരണപരമായ അനുമതി സ്ഥാപനത്തിൽ തന്നെ സ്ഥാപന മേധാവിയുടെ അധികാര വിനിയോഗ പരിധിക്കുള്ളിൽ അനുവദിക്കുന്നത് സംബന്ധിച്ച് - സ്ഥിരനിർദ്ദേശങ്ങൾ.

സൂചന :- 1) 10.10.2017 ലെ ഈ ഓഫീസിലെ L5/39127/16/DTE നമ്പർ ഉത്തരവ്
2) 19/09/2026 തീയതിയിലെ ജി.ഒ (എം.എസ്) 507/2026/HEDN നമ്പർ ഉത്തരവ് .

2023-24 അദ്ധ്യയന വർഷം മുതൽ 2026-27 അദ്ധ്യയന വർഷം വരെയുള്ള കാലയളവിൽ എം ടെക് പ്രവേശനം നേടിയതും നോൺ ഗേറ്റ് സ്കോളർഷിപ്പിന് അർഹതയുള്ളതുമായ വിദ്യാർഥികളുടെ സെമസ്റ്റർ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തുടർനടപടികൾക്കായി ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുനൽകാത്ത സ്ഥാപനമേധാവികൾ സൂചനയിൽ പരമർശിക്കുന്ന ഗൈഡ് ലൈൻസ് പ്രകാരം അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പേരുവിവരം പ്രവേശന തീയതി, CGPA,സെമസ്റ്റർ കാലയളവ്, ഓരോ വിദ്യാർത്ഥിക്കും അനുവദിക്കേണ്ട തുക എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള ലിസ്റ്റ് തയാറാക്കി ഭരണപരമായ അനുമതി സ്ഥാപനത്തിൽ തന്നെ സ്ഥാപന മേധാവിയുടെ അധികാര വിനിയോഗ പരിധിക്കുള്ളിൽ നൽകേണ്ടതാണ്.

2. ഇനിമുതൽ, സ്ഥാപനങ്ങളിലെ എല്ലാ അക്കാദമിക് വർഷങ്ങളിലേക്കുമുള്ള 'നോൺ-ഗേറ്റ് സ്കോളർഷിപ്പി'നുള്ള (Non-GATE Scholarship) ഭരണാനുമതി സ്ഥാപനതലത്തിൽ തന്നെ നൽകണമെന്ന് നിർദ്ദേശിക്കുന്നു.

ഭരണാനുമതിയുടെ പകർപ്പ് പ്ലാനിംഗ് സെക്ഷൻ, ധനവിനിയോഗ വിഭാഗം എന്നിവർക്ക് അയച്ചുനൽകാവുന്നതാണ്.

Digitally signed by
Jayaprakash P
Date: 25-09-2026
13:07:28

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ എൻജിനിയറിങ് കോളേജ് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട സ്ഥാപനത്തിലെ എല്ലാ വിദ്യാർത്ഥിക്കൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ട്
3. ഓഫീസ് കോപ്പി,സ്റ്റോക്ക് ഫയൽ .